# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2453 09 -12- 2014-ൽ മറുപടിക്ക്

### യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:<br>1. റാസ്പ്ബെറി പൈ പ്രോഗ്രാം:<br>സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 2500 സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബെറി പൈ കിറ്റ് വിതരണം ചെയ്യുവാനും അതിലൂടെ അവരിലെ പ്രോഗ്രാമിംഗ് നൈപുണ്യം വികസിപ്പിക്കുവാനും സംസ്ഥാന സർക്കാർ രൂപം നല്കിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.<br>2. നേതൃത്വ പരിശീലന പരിപാടി:<br>സംസ്ഥാന സർക്കാർ രൂപം നല്കിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബ്കളിലൂടെയും വളർന്നു വന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br>3. അന്തർ ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി:<br>2013-14 -ൽ യുവ സംരംഭക വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ആ പരിപാടിയിലൂടെ വിദ്യാർത്ഥികളിൽ വന്ന മാറ്റത്തെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10 ഓളം യുവ വിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺ വാലിയിലേക്ക് അയക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങൾ ഒരുക്കുവാനുമായി ഒരു സിലിക്കൺ ലാൻഡ് പാഡ് നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. കൂടാതെ വിദ്യാർത്ഥികളെ വിവിധ അന്തർ ദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർ ദേശിയ സംരംഭകത്വ ഏക്സ്ചേഞ്ച് പരിപാടി.<br><br>4. സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്:<br><br>കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്കു പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.<br><br>5. ഫാബ് ലാബ്:<br><br>ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിപ്പിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കുന്നുണ്ട്.<br><br>6. സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയ്ൻ:<br><br>കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയ്ൻ.<br>7. യുവ സംരംഭകത്വ സമ്മിറ്റ്:<br>യുവ സംരംഭകത്വത്തെ പ്രോത്സാഹി പ്പിക്കുന്നതിനായി സംസ്ഥാനത്തെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആൻറ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ - യംഗ് എൻട്രപ്രണേർസ് സമ്മിറ്റ് എന്ന പരിപാടി നടത്തുകയുണ്ടായി. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നും 4000 ത്തോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുത്തിരുന്നു. |
| (ബി) | യുവ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിന് ഫിനിഷിംഗ് സെന്ററുകളും മികവിന്റെ കേന്ദ്രങ്ങളും സംഘടിപ്പിക്കുമോ; | (ബി) | യുവ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിനായി സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ് എന്ന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക പ്രോത്സാഹനം നല്കുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുവാനും പദ്ധതിയിടുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | യുവ സംരംഭകരിലൂടെ കേരളത്തിലെ വ്യവസായിക - സാമ്പത്തിക തൊഴില വസര രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കുന്നതിന് പുതിയ നയവും പദ്ധതികളും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. ഇതിന്റെ ഭാഗമായി കേരളാ ടെക്നോളജി സ്റ്റാർട്ട്അപ്പ് പോളിസിയുടെ കരട് രൂപം തയ്യാറാക്കുകയും പൊതുജന അഭിപ്രായം ആരായുന്നതിനായി പ്രധാനപ്പെട്ട വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൽ നിന്നും ലഭിച്ച അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി സ്റ്റാർട്ട്അപ്പ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ